മോപ്പഡ്	23
മിനിലോറി	2
മിനിബസ്	9
മാരുതിവാൻ	1
റ്റാറ്റാ മൊബൈൽ	2
ട്രാക്ടർ	3
ട്രക്കർ	4
ബോട്ട്	7
റ്റാറ്റാ സുമോ	1
മാരുതി വോയേജർ	1
റ്റാറ്റാ സീയറോ	1
ആംബുലൻസ്	1
റോഡ് റോളർ	1
ആർമഡാ വാൻ	1
ആകെ	**573**

(ബി) വാഹനങ്ങളിൽ മോട്ടോർ സൈക്കിൾ, മോപ്പഡ് എന്നിവയിൽ ഒഴികെ മൊത്തം 342 ദിവസക്കൂലി/പി.എസ്.സി ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ട്.

(സി) ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിച്ചും നിയമനം നടത്താൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 15 കേസുകളിൽ കണ്ടുകെട്ടിയ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വനംവകുപ്പിലെ വാഹനങ്ങളുടെ മേൽനോട്ടത്തിന് ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ചുമതലയിൽ ഒരു സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

അനധികൃത മരം മുറിക്കൽ

2 (760) ശ്രീ. നാലകത്ത് സൂപ്പി
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനത്തിൽ നിന്നും 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ അനധികൃതമായി മരം മുറിച്ച് കടത്തുന്നതായി എത്ര റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കേസുകളിൽ നടപടി സ്വീകരിച്ചു ;

(സി) എന്തു തുകയ്ക്കുള്ള തടി കടത്തിക്കൊണ്ടു പോയിട്ടുണ്ട് ;

(ഡി) എന്തു തുക കുറ്റക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1997-98-ൽ 2175, 1998-99-ൽ 2276, 1999-2000-ൽ 1315 എന്നിങ്ങനെയാണ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളത്.

(ബി) എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 1998-ൽ 117 ലക്ഷം രൂപയുടേയും, 1999-ൽ 46 ലക്ഷം രൂപയുടേയും 2000-ൽ 6 ലക്ഷം രൂപയുടേയും തടികൾ കടത്തികൊണ്ട് പോയിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) മേൽപ്പറഞ്ഞ മൂന്നു വർഷങ്ങളിൽ ആകെ 15,46,592 രൂപ നഷ്ടപരിഹാര തുകയായി കോമ്പൗണ്ട് ചെയ്ത കേസുകളിലെ കുറ്റവാളികളിൽ നിന്നും വനംവകുപ്പ് ഈടാക്കിയിട്ടുണ്ട്. കോടതികൾ തീർപ്പാക്കിയ കേസുകളിൽ കുറ്റക്കാരിൽ നിന്നും ഈടാക്കിയ തുകകളെ സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

പേര്യ മരം മുറിക്കൽ സംഭവം

3 (761) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പേര്യ പ്രദേശത്ത് അനധികൃതമായി മരം മുറിച്ചത് വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് റവന്യൂ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് സർക്കാറിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കാമോ ;

(ഇ) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(എഫ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്ക് എതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനംവകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) കോടതിയുടെ പരിഗണനയിലായതിനാൽ കഴിയില്ല.

(എഫ്) വനംവകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന 11 വനംവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly